# Visit of the Foreign Secretary to Russia (February 17-18, 2021)

February 18, 2021

---

# വിദേശകാര്യ സെക്രട്ടറിയുടെ റഷ്യൻ സന്ദർശനം (ഫെബ്രുവരി 17-18, 2021)

ഫെബ്രുവരി 18, 2021

1. ഇന്ത്യ - റഷ്യ ഫോറിൻ ഓഫീസ് കൂടിയാലോചനകൾക്കായി വിദേശകാര്യ സെക്രട്ടറി ശ്രീ ഹർഷ് വർദ്ധൻ ശൃംഗള 2021 ഫെബ്രുവരി 17 -18 തിയ്യതികളിൽ മോസ്കോയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും.

2. വിദേശകാര്യ സെക്രട്ടറി ഇന്നലെ റഷ്യൻ വിദേശകാര്യ മന്ത്രി സർഗെയ് ലാവ്റോവിനെ സന്ദർശിച്ചു. പരസ്പര സൗകര്യപ്രദമായ തീയതിയിൽ ഇന്ത്യ സന്ദർശിക്കാൻ ലാവ്റോവിനെ ക്ഷണിച്ചുകൊണ്ട് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കറിൽ നിന്നുള്ള കത്ത് അദ്ദേഹം കൈമാറി. വിദേശകാര്യമന്ത്രി ലാവ്റോവ് ക്ഷണം സ്വീകരിക്കുകയും നേരത്തെ തന്നെയുള്ള തിയ്യതികളിൽ ഇന്ത്യ സന്ദർശിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

3. റഷ്യൻ സഹവിദേശകാര്യ മന്ത്രി ഇഗോർ മോർഗ്ലോവുമായി ഇന്നലെ ഉഭയകക്ഷി ബന്ധത്തിന്റെ സുപ്രധാന വശങ്ങൾ ഇരുപക്ഷവും അവലോകനം ചെയ്യുകയും പ്രാദേശിക, അന്തർദേശീയവുമായ വിഷയങ്ങളിൽ അഭിപ്രായങ്ങൾ കൈമാറുകയും ചെയ്തു. വാർഷിക ഉഭയകക്ഷി ഉച്ചകോടി ഉൾപ്പെടെ, ഈ വർഷത്തെ ഉന്നത തല കൈമാറ്റങ്ങൾക്കായുള്ള പദ്ധതികൾ ഇരുപക്ഷവും അംഗീകരിക്കുകയും ചെയ്തു.

4. വിദേശകാര്യ സെക്രട്ടറിയും റഷ്യൻ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി സെർഗെയ് റയാബ്കോവുമായി നിരായുധീകരണം, ആണവായുധ നിരോധനം കാര്യങ്ങൾ എന്നിവയുൾപ്പടെയുള്ള ബഹുരാഷ്ട്ര വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് ഇന്ന് ചർച്ചകൾ നടത്തി.

5. റഷ്യൻ ഡിപ്ലോമാറ്റിക് അക്കാദമിയിൽ ഇന്നലെ നടത്തിയ ആശയവിനിമയത്തിനിടെ വിദേശകാര്യ സെക്രട്ടറി ആഗോള പശ്ചാത്തലത്തിൽ ഇന്ത്യ-റഷ്യ പങ്കാളിത്തത്തിന്റെ പ്രാധാന്യം എടുത്തു

പറയുകയുണ്ടായി. ഉഭയകക്ഷി സംബന്ധവും ആഗോള വിഷയങ്ങളും സംബന്ധിച്ച് റഷ്യയിലെ പ്രമുഖ ചിന്തകന്മാരിൽ നിന്നുള്ള വിദഗ്ധരുമായി വിദേശകാര്യ സെക്രട്ടറി അഭിപ്രായ ചർച്ചകൾ നടത്തി.

6. വിദേശകാര്യ സെക്രട്ടറിയുടെ സന്ദർശനത്തിന് മുന്നോടിയായി യുഎൻ സെക്യൂരിറ്റി കൗൺസിൽ (യുഎൻഎസ്സി) കാര്യങ്ങളെക്കുറിച്ചും ഇരുരാജ്യങ്ങളും തമ്മിൽ DG തലത്തിലുള്ള നയ ആസൂത്രണത്തെക്കുറിച്ചുമുള്ള വിദേശകാര്യ ഓഫീസ് കൺസൽട്ടേഷനുകൾ 2021 ഫെബ്രുവരി 15 ന് മോസ്കോയിൽ നടത്തിയിരുന്നു.

7. ഈ വർഷം ഇന്ത്യയും റഷ്യയും തമ്മിലുള്ള അടുത്തതും, തന്ത്രപരമായതും, പ്രത്യേകതയുള്ളതുമായ പങ്കാളിത്തം തിരിച്ചറിയുന്നതിനുള്ള തീവ്രമായ ഉഭയകക്ഷി പ്രവർത്തന പദ്ധതി തിരിച്ചറിഞ്ഞ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന്; 'ആത്മ നിർഭർ' പ്രോഗ്രാമിന് കീഴിൽ ഇന്ത്യയിൽ നിക്ഷേപം നടത്താനുള്ള റഷ്യയുടെ താല്പര്യം ഉൾപ്പെടെ നമ്മുടെ തന്ത്രപരമായ ബന്ധങ്ങളുടെ പുതിയ നേതാക്കൾക്കായുള്ള കരാറുകൾ; അത് പോലെത്തന്നെ ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിലും ബ്രിക്സ് പ്രസിഡൻസിയിലും അസ്ഥിരാംഗമെന്ന നിലയിലുള്ള ഇന്ത്യയുടെ ഇപ്പോഴത്തെ കാലാവധിയുടെ പശ്ചാത്തലത്തിൽ ബഹുരാഷ്ട്ര മുന്നണിയിലെ ശക്തമായ ഏകോപനം; എന്നിവയ്ക്ക് ഈ സന്ദർശനം ഉപയോഗപ്രദമാണ്

**മോസ്കോ**
**18 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.